**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 391** | **10-08-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളുടെയും കോളേജുകളുടെയും റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ഡോ സുജിത് വിജയൻപിള്ള** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും റാങ്കിംഗിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും കോളേജുകൾക്കും മികവ് കൈവരിക്കാനായിട്ടുണ്ടോ; സംസ്ഥാനത്തെ സർവ്വകലാശാലകൾക്കെല്ലാം നാക് അക്രഡിറ്റേഷൻ ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | 2020-ലെ NIRF (National Institutional Ranking Framework) റാങ്കിംഗ് പ്രകാരം കേരള സർവ്വകലാശാല 23-ാം സ്ഥാനത്തും മഹാത്മാഗാന്ധി സർവ്വകലാ ശാല 30-ാം സ്ഥാനത്തും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 62-ാം സ്ഥാനത്തുമാണുള്ളത്. കേരള സർവ്വകലാശാലയ്ക്കും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കും ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്കും കാലിക്കറ്റ് സർവ്വകലാശാലയ്ക്കും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്കും 'A' ഗ്രേഡ് നാക് അക്രഡിറ്റേഷനും, കണ്ണൂർ സർവ്വകലാശാലയ്ക്ക് 'B' ഗ്രേഡ് നാക് അക്രഡിറ്റേഷനും, ലഭ്യമായിട്ടുണ്ട്. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, മലയാള സർവ്വകലാശാല എന്നിവിടങ്ങളിൽ നാക് അക്രഡിറ്റേഷൻ ലഭ്യമാകുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. രാജ്യത്തെ കോളേജുകളുടെ NIRF റാങ്കിംഗ് കേരളത്തിലെ 20 കോളേജുകൾക്ക് (4 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ, 16 എയ്ഡഡ് കോളേജുകൾ) കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. NIRF റാങ്കിങ് പ്രകാരം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് രാജ്യത്ത് ഇരുപത്തിമൂന്നാം സ്ഥാനം നേടിയിട്ടുണ്ട്. നിലവിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 40 സർക്കാർ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭ്യമായിട്ടുണ്ട്. |
| (ബി) | സർവ്വകലാശാലകളുടെ സമ്പൂർണ്ണ മേന്മ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾക്കും പശ്ചാത്തല സൗകര്യ | (ബി) | ഉന്നതവിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള 6 സുപ്രധാന നിർദ്ദേശങ്ങൾ നടപ്പ് വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ |

| | | | |
|---|---|---|---|
| | വർദ്ധനവിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | | 3-5 ലക്ഷം പേർക്ക് കൂടി പഠന സൗകര്യങ്ങൾ. 2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം. 3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ. 4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോ-ഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ. 5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം. 6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതം, കിഫ്ബി, റൂസ എന്നിവയിൽ നിന്നുള്ള ഫണ്ടുകൾ വിനിയോഗിച്ച് പശ്ചാത്തല സൗകര്യവർദ്ധനയ്ക്കുള്ള വിവിധ പദ്ധതികൾ സർവ്വകലാശാലകളിൽ നടന്നു വരുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാരം വിലയിരുത്തുന്നതിനും ഉയർത്തുന്നതിനും സാക് നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ? | (സി) | 2007-ൽ നിലവിൽ വന്ന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കൗൺസിലിലെ ഒരു കേന്ദ്രമാണ് അസസ്സ്മെൻറ് സെൻറർ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനൊപ്പം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്താനും സാക് (SAAC)-ന് ആകുന്നതാണ്. നാക്ക് അക്രഡിറ്റേഷൻ, ഗ്രേയ്ഡിംഗ് പ്രക്രിയകൾക്ക് വിധേയമാകാൻ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ തയ്യാറെടുപ്പിക്കൽ. സർവകലാശാലകൾ, സർക്കാർ-എയ്ഡഡ് കോളേജുകൾ എന്നിവയ്ക്ക് പുറമേ, സ്വയംഭരണ കോളേജുകൾ, സ്വാശ്രയ കോളേജുകൾ തുടങ്ങിയവയുടെയും പ്രവർത്തനവും മികവും വിലയിരുത്തി അക്രഡിറ്റേഷനും ഗ്രെയ്ഡും നൽകൽ. അന്താരാഷ്ട്ര, അന്തർദേശീയ തലങ്ങളിൽ ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ കുറിച്ചും ഉദിച്ചുവരുന്ന പ്രവണതകളെക്കുറിച്ചും സർവ്വകലാശാലകൾക്കിടയിലും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കിടയിലും അവബോധമുണ്ടാക്കി, കാലത്തിനൊത്ത് മാറാൻ സ്ഥാപനങ്ങളെ പ്രേരിപ്പിക്കൽ. അക്കാദമിക മികവ് വിലയിരുത്തുന്ന തിന് ദേശീയ മാനദണ്ഡങ്ങൾക്ക് പുറമെ, സംസ്ഥാനത്തിന്റെ സവി ശേഷതകൾക്കനുസൃതമായ മാനദണ്ഡങ്ങൾ കൂടി വികസിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യുക. നടത്തിപ്പ്:- സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളും സർക്കാർ-എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ കോളേജുകളും SAAC-ന്റെ അവലോകന |

| | | | |
|---|---|---|---|
| | | | പരിധിയിൽ വരും. NAAC അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനൊപ്പം State specific മാനദണ്ഡങ്ങൾ അനുസരിച്ചുള്ള വിലയിരുത്തലും ഉണ്ടാകും. Digital Platform-ൽ ആയിരിക്കും SAAC-ന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നത്. സംസ്ഥാന തലത്തിലുള്ള റാങ്കിംഗിന് Kerala Institutional Ranking Framework (KIRF) സംവിധാനവും SAAC നടത്തിപ്പിന് തയ്യാറാക്കിവരുന്ന web portal-ലിൽ ഉണ്ടായിരിക്കും. NAAC-ൽ വിഭാവനം ചെയ്തിട്ടുള്ള 5 core values ന് പുറമേ, Social Inclusiveness, Equity and Excellence, Scientific temper and secular outlook എന്നീ 3 core values കൂടി സ്ഥാപനങ്ങളെ state specific ആയി വിലയിരുത്തുന്നതിന് സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ